വ്യവസായ തർക്കങ്ങളെ സംബന്ധിച്ച് അവലോകനം

5 (*564) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ തർക്കങ്ങളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം വ്യവ സായ തർക്കങ്ങൾ കുറഞ്ഞുവരുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) വ്യവസായ തർക്കങ്ങളിൽ സമയോചിതമായി ഇടപെടാനും അവയ്ക്ക് പരിഹാരം കാണാനും സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ഡി) 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ സംസ്ഥാന ത്തുണ്ടായ വ്യവസായ തർക്കങ്ങൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഓരോ വർഷവും ഉണ്ടായ വ്യവസായ തർക്കങ്ങൾ എത്രവീതമെന്ന് വ്യക്തമാക്കുമോ;

(എഫ്)പ്രസ്തുത വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ തൊഴിൽ തർക്കങ്ങൾമൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ എത്ര എന്നതിനെ സംബ ന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ജി) എങ്കിൽ ഓരോ വർഷവും നഷ്ടപ്പെട്ട തൊഴിൽദിനങ്ങൾ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) സംസ്ഥാനത്ത് തൊഴിൽ തർക്കങ്ങൾ കുറച്ചുകൊണ്ടു വരുന്നതിനും തൊഴിൽ ദിനങ്ങൾ നഷ്ടമാകാതിരിക്കുന്നതിനും എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഐ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) :

(എ) 3 മാസത്തിലൊരിക്കൽ കൂടുന്ന തൊഴിൽ വകുപ്പ് ഉദ്യോഗ സ്ഥൻമാരുടെ ജില്ലാ സമ്മേളനങ്ങളിൽ ഓരോ ജില്ലയിലും ഉണ്ടാകുന്ന വ്യവ സായ തർക്കങ്ങളെ സംബന്ധിച്ച് വിശകലനം നടത്താറുണ്ട്. കൂടാതെ സെക്ര ട്ടറി തലത്തിലും മന്ത്രി തലത്തിലും പ്രത്യേകമായ അവലോകനവും നടത്താ റുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് തൊഴിൽമേഖലയിലെ തർക്കങ്ങൾ പരിഹരിക്കു ന്നതിനായി തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗ സ്ഥൻമാർ അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടുന്നു. ചർച്ചയിലൂടെ പരി ഹരിക്കാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതിയുടെ തീർപ്പിന് വിടുക യാണ് ചെയ്യുന്നത്. ഇതിന് പുറമെ വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാ കുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി തോട്ടം,

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായം, ടെക്സ്റ്റൈൽസ്, കയർ വ്യവസായം, കശുവണ്ടി, ബീഡി-സിഗാർ, കള്ളുചെത്ത്, കക്കാട് ജലസേചന വൈദ്യുതി പദ്ധതി, കുട്ടനാട്-പാലക്കാട് കാർഷികമേഖല, മദ്യം, ഓട്, മോട്ടോർ വ്യവസായം, ടിംബർ, പ്ലൈവുഡ്, പൊതുവിതരണം തുടങ്ങിയ വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി തൊഴിലുടമ പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(ഡി)&(ഇ) ഉണ്ട്. 1997-98-ൽ 5455-ഉം 1998-99-ൽ 5309-ഉം 1999 ഏപ്രിൽ മുതൽ ജൂൺ വരെ 1181 വ്യവസായ തർക്കങ്ങളും ഉണ്ടായിട്ടുണ്ട്.

(എഫ്) പ്രത്യേക പഠനം ഒന്നും നടത്തിയിട്ടില്ല.

(ജി) 1997-98-ൽ 711229 തൊഴിൽ ദിനങ്ങളും 1998-99-ൽ 1090642 തൊഴിൽ ദിനങ്ങളും 1999 ഏപ്രിൽ മുതൽ നവംബർ വരെ 1924297 തൊഴിൽ ദിനങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് ലേബർ കമ്മിഷണറുടെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം കണക്കാക്കിയിട്ടുണ്ട്.

(എച്ച്)&(ഐ) ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ തൃപ്തികരമാണ്. അതുകൊണ്ട് പ്രത്യേക മുൻകരുതൽ നടപടികളുടെ ആവശ്യമുണ്ടെന്നു തോന്നിയിട്ടില്ല.

ഈറ്റതൊഴിലാളികളുടെ പ്രശ്നങ്ങൾ

6 (*565) ശ്രീ. എ.കെ. മണി :
ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഈറ്റതൊഴിലാളികൾ എപ്പോഴെങ്കിലും ബാംബൂ കോർപ്പറേഷൻ ആഫീസ് പിക്കറ്റ് ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചാണ് അവർ ഈ പിക്കറ്റിംഗ് നടത്തിയത്;

(സി) ബാംബൂ കോർപ്പറേഷനിലും കേരള ഈറ്റതൊഴിലാളി ക്ഷേമനിധി ബോർഡിലും പരമ്പരാഗത ഈറ്റതൊഴിലാളികൾക്കും അവരുടെ മക്കൾക്കും നിയമനം നൽകുന്നതിനുള്ള തടസ്സമെന്താണ്;

(ഡി) ഈറ്റതൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലാത്തപക്ഷം അതിനുള്ള ബുദ്ധിമുട്ടെന്തെന്നു വിശദീകരിക്കുമോ;

(ഇ) ഈറ്റതൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പരമ്പരാഗത ഈറ്റതൊഴിലാളികൾക്ക് സൗജന്യനിരക്കിൽ ഈറ്റ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly